# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 320 | 08/02/2016 ൽ മറുപടിക്ക് |
|---|---|

## അരുൺകുമാറിനെതിരായ വിജിലൻസ് അന്വേഷണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ബെന്നി ബെഹനാൻ<br>ശ്രീ.ജോസഫ് വാഴയ്ക്കൻ<br>ശ്രീ.സി.പി.മുഹമ്മദ്<br>ശ്രീ.പി.സി വിഷ്ണുനാഥ് | | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) | |
| (എ) | പ്രതിപക്ഷ നേതാവ് V.S. അച്യുതാനന്ദന്റെ മകൻ V.A. അരുൺകുമാറിന്റെ കഴിഞ്ഞ അഞ്ച് വർഷത്തെ വിദേശ യാത്രകളുടെ വിശദാംശങ്ങളും, സ്വത്ത് സംബന്ധിച്ച ആരോപണവും സംബന്ധിച്ച് വിജിലൻസ് നടത്തുന്ന അന്വേഷണത്തിന്റെ ഇതുവരെയുള്ള പൂർണ്ണ വിവരം വ്യക്തമാക്കുമോ; | (എ) | ശ്രീ.വി.എ.അരുൺകുമാറിനെതിരെ വിവിധ അഴിമതി ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ട് ഇപ്പോഴത്തെ മുഖ്യമന്ത്രി ശ്രീ.ഉമ്മൻ ചാണ്ടി പ്രതിപക്ഷ നേതാവായിരുന്നപ്പോൾ അന്നത്തെ മുഖ്യമന്ത്രിയ്ക്ക് നൽകിയിരുന്ന പരാതിയിൽ ശ്രീ.ഉമ്മൻചാണ്ടി മുഖ്യമന്ത്രിയായ ശേഷം 26/06/2011 തീയതിയിലെ ജി.ഒ.(എം.എസ്) നം. 19/2011/വിജി നമ്പർ ഉത്തരവിട്ടതനുസരിച്ച് നടത്തിയ വി.ഇ.04/2011/എസ്.സി.റ്റി എന്ന വിജിലൻസ് അന്വേഷണത്തിൽ ശ്രീ.അരുൺകുമാറിന്റെ കഴിഞ്ഞ അഞ്ചു വർഷത്തെ വിദേശ യാത്രകളുടെ വിശദാംശങ്ങളും സ്വത്തു സമ്പാദനവും സംബന്ധിച്ച ആരോപണവും അന്വേഷിച്ചു അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ സൂക്ഷ്മ പരിശോധനയിലാണ്. |
| (ബി) | തിരുവനന്തപുരം ഗോൾഫ് ക്ലബിലും, കോഴിക്കോട് കോസ്മോപോളിറ്റൻ ക്ലബിലും അംഗത്വമുള്ള V.A. അരുൺകുമാറിന്റെ സാമ്പത്തിക സ്രോതസ്സ് സംബന്ധിച്ച ആരോപണത്തെ കുറിച്ച് വിജിലൻസ് നടത്തുന്ന അന്വേഷണത്തിന്റെ ഇതുവരെയുള്ള പൂർണ്ണ വിവരം വ്യക്തമാക്കുമോ; | (ബി) | വി.ഇ.04/2011/എസ്.സി.റ്റി എന്ന വിജിലൻസ് അന്വേഷണത്തിൽ, തിരുവനന്തപുരം ഗോൾഫ് ക്ലബിലും കോഴിക്കോട് കോസ്മോപൊളിറ്റൻ ക്ലബിലും അംഗത്വമുള്ള ശ്രീ.വി.എ.അരുൺകുമാറിന്റെ സാമ്പത്തിക സ്രോതസ്സ് സംബന്ധിച്ച ആരോപണത്തെക്കുറിച്ചും അന്വേഷിച്ചു |
| (സി) | ചെറി എന്റർപ്രൈസസ് എന്ന സ്ഥാപനവുമായി V.A.അരുൺകുമാറിന്റെ ബിസിനസ്സ് ബന്ധങ്ങൾ സംബന്ധിച്ച ആരോപണത്തെ കുറിച്ച് വിജിലൻസ് നടത്തുന്ന അന്വേഷണത്തിന്റെ ഇതുവരെയുള്ള പൂർണ്ണ വിവരം ലഭ്യമാക്കുമോ; | (സി) | ചെറി എന്റർപ്രൈസസ് എന്ന സ്ഥാപനവുമായി ശ്രീ.വി.എ.അരുൺകുമാറിന്റെ ബിസിനസ്സ് ബന്ധങ്ങൾ സംബന്ധിച്ച ആരോപണത്തെക്കുറിച്ചും വി.ഇ.04/2011/എസ്.സി.റ്റി എന്ന വിജിലൻസ് അന്വേഷണത്തിൽ അന്വേഷണം നടത്തി |
| (ഡി) | V.A. അരുൺകുമാർ, ദീപ്തി പ്രസേനൻ എന്നിവർ ചതുപ്പ് നിലം നികത്തുവാൻ ഒത്താശ ചെയ്യാമെന്ന് പറഞ്ഞ് പണം വാങ്ങി ചതിച്ചത് സംബന്ധിച്ച് സന്തോഷ് മാധവൻ പൂജപ്പുര ജയിൽ സൂപ്രണ്ട് മുഖേന മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിക്ക് സമർപ്പിച്ച പരാതിയിൽ മേൽ വിജിലൻസ് അന്വേഷണം നടത്തുന്നതിന് 20.9.2011-ൽ 7967/ഇ 3/2011/വിജി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം വിജിലൻസ് നടത്തുന്ന അന്വേഷണത്തിന്റെ ഇതുവരെയുള്ള പൂർണ്ണ വിവരം ലഭ്യമാക്കുമോ? | (ഡി) | ശ്രീ.വി.എ.അരുൺകുമാർ, ദീപ്തി പ്രസേനൻ എന്നിവർ ചതുപ്പുനിലം നികത്തുവാൻ ഒത്താശ ചെയ്യാമെന്നു പറഞ്ഞ് പണം വാങ്ങി ചതിച്ചത് സംബന്ധിച്ച് ശ്രീസന്തോഷ് മാധവൻ ജയിൽ സൂപ്രണ്ട് മുഖേന മുഖ്യമന്ത്രി ശ്രീ.ഉമ്മൻചാണ്ടിയ്ക്ക് സമർപ്പിച്ച പരാതിയിൽ 20.09.2011 ലെ 7967/ഇ 3/2011/വിജി. നമ്പർ സർക്കാർ കത്തു പ്രകാരം ഉത്തരവിട്ടതിൻ പ്രകാരം വി.ഇ.20/2011/എസ്.ഐ.യു.II എന്ന അന്വേഷണം നടത്തി. മേൽ നടപടികൾ ആവശ്യമില്ലെന്ന ശുപാർശയോടെ 06.06.2012 – ന് സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചു. റിപ്പോർട്ടിന്മേൽ പ്രോസിക്യൂഷൻ ഡെപ്യൂട്ടി ഡയറക്ടർ (വിജിലൻസ്) നല്കിയ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ലോക്കൽ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് ക്രിമിനൽ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിന് ആഭ്യന്തര വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ